LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക തുക വിതരണം ചെയ്യുവാൻ നടപടി

137 (5357) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വാഹനങ്ങൾ അപകടത്തിൽപ്പെട്ടതിനെത്തുടർന്ന് മരണമടഞ്ഞ എത്രയാളുകളുടെ ബന്ധുക്കൾക്ക് എം.എ.സി.റ്റി. വിധിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക കൊടുക്കുവാനുണ്ട് ;

(ബി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി കൈക്കൊള്ളുമോ ; ഈ കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006-09 കാലയളവിൽ അപകടത്തിൽ പരിക്കേറ്റതും മരണപ്പെട്ടതും ഉൾപ്പെടെ 10088 എം.എ. സി.റ്റി. കേസുകൾ വിവിധ കോടതികളുടെ പരിഗണനയിലാണ്. കോടതികൾ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ തുക തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) എം.എ.സി.റ്റി. കേസ്സുകളിൽ ബഹുമാനപ്പെട്ട കോടതികൾ അടിയന്തര പ്രാധാന്യം നൽകി തരുന്ന ഉത്തരവിന്മേൽ കോർപ്പറേഷൻ കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക നൽകി വരുന്നതും നൽകുന്നതുമാണ്. പ്രതിമാസം ടി ഇനത്തിൽ 2 കോടിയോളം രൂപ നൽകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. യിൽ കമ്പ്യൂട്ടർവൽക്കരണം

138 (5358) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടർവൽക്കരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; കമ്പ്യൂട്ടർവൽക്കരണം ഏതു വർഷമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങളെല്ലാം ഇപ്പോൾ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടു കഴിഞ്ഞോ ; ഇല്ലെങ്കിൽ, ഏതെല്ലാം മേഖലകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.യിൽ നിലവിലുള്ള ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് അന്തിമ ഘട്ടത്തിലാണ്. വിവിധ മോഡ്യൂളുകൾക്കുള്ള സോഫ്ട് വെയറുകൾ നെറ്റ് വർക്ക് ബെയ്സ്ഡായി ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ജാവാ പ്രോഗ്രാമിംഗ് ലാംഗ്വേജിൽ വികസിപ്പിച്ച് എടുക്കുകയും

അവയുടെ ടെസ്റ്റിംഗ്, DEBUGGING, ട്രയൽ റൺ, പാരലൽ റൺ, യൂസർ ട്രെയിനിംഗ് എന്നിവ നടന്നു വരികയുമാണ്. എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഇതിനകം തന്നെ നടപ്പാക്കി കഴിഞ്ഞു. എല്ലാ സർവ്വീസുകൾക്കും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ (ഇ.റ്റി.എം.) നൽകുന്ന ജോലിയും ഇതിനകം തന്നെ പൂർത്തീകരിക്കുകയുണ്ടായി.

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഹാർഡ് വെയർ ലഭ്യമാക്കുന്നതിനും നെറ്റ് വർക്കിംഗും യു.പി. എസ്. വയറിംഗും നടത്തുന്നതിനുമുള്ള വർക്ക് ഓർഡർ കെൽട്രോൺ കമ്പനിക്ക് നൽകുകയുണ്ടായി.

1985-ൽ കെ. എസ്. ആർ. ടി. സി. യുടെ ഇൻവെന്ററി സംബന്ധമായ ജോലികൾ കെൽട്രോൺ ഓഫീസിൽ വച്ച് ചെയ്തു തുടങ്ങിയതോടെ കെ.എസ്. ആർ. ടി. സി.യിൽ കമ്പ്യൂട്ടറിന്റെ ഉപയോഗം ആരംഭിച്ചു. 1986-ൽ ഒരു മൈക്രോ കമ്പ്യൂട്ടർ കെ. എസ്. ആർ. ടി. സി. സ്വന്തമായി വാങ്ങി ചീഫ് ആഫീസിൽ സ്ഥാപിക്കുകയുണ്ടായി. തുടർന്ന് കമ്പ്യൂട്ടർ സെന്റർ ആരംഭിക്കുകയും കൂടുതൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയും ചെയ്തു.

(ബി) നിലവിലെ സോഫ്ട് വെയർ ഉപയോഗിച്ച് ജീവനക്കാരുടെ ബയോഡേറ്റ,. പി. എഫ്. അക്കൗണ്ട്സ്, പേ റോൾ, റിസർവ്വേഷൻ സിസ്റ്റം, ഫ്യൂവൽ അക്കൗണ്ട്സ്, കിലോമീറ്റർ പെർ ലിറ്റർ, ഡെയ്ലി കളക്ഷൻ അനാലിസിസ്, ഷെഡ്യൂൾ - വൈസ് കളക്ഷൻ അനാലിസിസ് (ഡെയ്ലി & മന്തിലി), സ്റ്റാഫ് സ്ട്രെങ്ത്, ഫ്ളീറ്റ് സ്ട്രെങ്ത്, ഓഫ് റോഡ് പൊസിഷൻ ഓഫ് വെഹിക്കിൾസ്, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ, പ്രിപ്പറേഷൻ ഓഫ് ഫെയർ ടേബിൾസ് ആന്റ് ഫെയർ റിവിഷൻ, ബസ് വാറണ്ട്, ഷെഡ്യൂൾ വൈസ് കളക്ഷൻ, ഇൻവെന്ററി (ഇഷ്യൂ ആന്റ് റെസീപിറ്റ്സ് ഓഫ് സ്റ്റോർ ഐറ്റംസ്), ആക്ഷൻ ഓഫ് ബസ്സസ്, സ്പെയർ പാർട്സ്, സ്ക്രാപ്പ് എന്നീ ജോലികൾ കമ്പ്യൂട്ടറിൽ കൂടി ചെയ്തു വരുന്നു. എന്നാൽ അവയെല്ലാം തന്നെ മുൻകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന പ്ളാറ്റ്ഫോം (ഡിസ്ക് ഓപ്പറേറ്റിംഗ് സിസ്റ്റം)-ൽ ക്ലിപ്പർ പാക്കേജിൽ ഇൻഹൗസ് ആയിട്ടാണ് വികസിപ്പിച്ചെടുത്തത്. ഈ സോഫ്ട് വെയറിലെ പരിമിതികൾ പരിഗണിച്ചും കെ. എസ്. ആർ. ടി. സി. യുടെ മുഴുവൻ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമായി 2008 സെപ്റ്റംബറിൽ കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജോലികളും വ്യത്യസ്ത മോഡ്യൂളുകളായി തിരിച്ച് നെറ്റ് വർക്ക് ബെയ്സ്ഡ് ആയി ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ജാവ പ്രോഗ്രാമിംഗ് ലാംഗ്വേജ് ഉപയോഗിച്ച് സോഫ്ട് വെയറുകൾ വികസിപ്പിച്ച് എടുക്കുകയും അവയുടെ ടെസ്റ്റിംഗും ട്രെയിനിംഗും നടന്നു വരികയുമാണ്. ഇവ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതോടെ നിലവിലുള്ള ജോലികളെല്ലാം തന്നെ 'ഓൺലൈൻ' ആയും കൂടുതൽ കാര്യക്ഷമമായും ചെയ്യുവാൻ കഴിയുന്നതോടൊപ്പം ഫൈനാൻഷ്യൽ അക്കൗണ്ടിംഗ്, ക്യാഷ് മാനേജ്മെന്റ്, പർച്ചേസ് മാനേജ്മെന്റ്, റൂട്ട് മാനേജ്മെന്റ്, കോർട്ട് കേസുകൾ, ക്രൂ ഷെഡ്യൂളിംഗ്, ട്രാൻസ്ഫർ & പോസ്റ്റിംഗ്, ഇൻട്രാനെറ്റ് തുടങ്ങിയ പുതിയ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. കൂടാതെ കെ. എസ്. ആർ. ടി. സി. യിൽ "E-PROCUREMENT"-ഉം ബസ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സയമവിവര- പട്ടിക മൊബൈൽ ഫോൺ മുഖേന പൊതുജനത്തെ അറിയിക്കുന്ന "എം- ഗവർണൻസ്" സംവിധാനവും കെ. എസ്. ആർ. ടി. സി. നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ആയതിലേയ്ക്കാവശ്യമായ ഹാർഡ് വെയർ ലഭ്യമാക്കുന്നതിനും നെറ്റ് വർക്കും യു. പി. എസ്. വയറിംഗും ചെയ്യുന്നതിനുമുള്ള വർക്ക് ഓർഡറുകൾ കെൽട്രോണിന് നൽകുകയുണ്ടായിട്ടുണ്ട്. 3 മാസങ്ങൾക്കുള്ളിൽ ഇവ പൂർത്തീകരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ജോലികൾ പൂർത്തിയാകുന്നതോടെ വിവിധ ജോലികൾക്കുള്ള കമ്പ്യൂട്ടർ സോഫ്ട് വെയറുകൾ എല്ലാ യൂണിറ്റുകളിലും പ്രവർത്തന സജ്ജമാകും.

കെ.എസ്.ആർ.ടി.സി.-യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം

139 (5359) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ റീജിയണിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പരമാവധി എത്ര കിലോ മീറ്റർ യാത്രയ്ക്കാണ് സീസൺ ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ബസ്സുകളിലാണ് സീസൺ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം കാസർഗോഡ് - മംഗലാപുരം റൂട്ടിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) എഴുപത്തിയഞ്ച് (75) കിലോമീറ്റർ അധികരിക്കാത്ത ദൂരത്തിനാണ് സീസൺ ടിക്കറ്റ് യാത്ര ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) എല്ലാത്തരം ഓർഡിനറി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിലും സീസൺ ടിക്കറ്റ് യാത്ര അനുവദിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് സീസൺ ടിക്കറ്റ് യാത്രികർക്ക് ഇരുപത് (20) ദിവസത്തെ യഥാർത്ഥ ടിക്കറ്റ് നിരക്കിൽ ഒരു മാസത്തെ (പരമാവധി 31 ദിവസം) യാത്ര അനുവദനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly